റോഡിൽ 19.50 ലക്ഷം രൂപയും ദേശീയപാത ബേംകട്ട് ചെയ്യുന്നതിനായി 2.65 ലക്ഷം രൂപയും നൽകുകയുണ്ടായി. ദേശീയപാത കുറുകെ കട്ട് ചെയ്യുന്നതിനുള്ള അനുമതി ലഭിച്ചിട്ടില്ല.

(സി) പ്രസ്തുത പൈപ്പ്ലൈൻ സ്ഥാപിച്ച് കഴിഞ്ഞാൽ വർക്കല മുനിസിപ്പാലിറ്റിയിലും അതിന്റെ സമീപ പ്രദേശങ്ങളിലും ഒറ്റൂർ, മണമ്പൂർ, ഇടവ, ഇലകമൺ, നാവായിക്കുളം പഞ്ചായത്തുകളിലും ഇപ്പോൾ ഉണ്ടായിട്ടുള്ള കുടിവെള്ളക്ഷാമത്തിന് പരിഹാരമാകും.

അങ്കമാലി മാഞ്ഞാലി തോടിന്റെ കൈവരി തോട്ടുകളുടെ ശോചനീയാവസ്ഥ

198 (4484) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജകമണ്ഡലത്തിലെ ജലസേചനത്തിന് മുഖ്യ പങ്ക് വഹിക്കുന്ന അങ്കമാലി മഞ്ഞാലി തോടിന്റെ കൈവരി തോട്ടുകളായ മുകന്തൂർ തോട്, കുറുകുറ്റി തോട്, മുന്നതോട് തുടങ്ങിയവയുടെ ശോചനീയാവസ്ഥ പരിഹരിക്കുവാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ;

(ബി) എങ്കിൽ എന്തു നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ&ബി) താഴെപ്പറയുന്ന രണ്ട് പ്രവൃത്തികൾ നബാർഡ് ആർ.ഐ.ഡി.എഫ്. XX-ൽ ഉൾപ്പെടുത്താനായി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

1. അങ്കമാലി-മാഞ്ഞാലി തോടിന്റെ കൈവരികളായ മൂക്കന്നൂർ, കുറുകുറ്റി തോട്ടുകളുടെ നവീകരണം - 2170 ലക്ഷം രൂപ

2. അങ്കമാലി-മാഞ്ഞാലി തോടിന്റെ കൈവരിയായ നായത്തോടിന്റെ നവീകരണം - 670 ലക്ഷം രൂപ.

സ്വകാര്യ കമ്പനികൾ വിതരണം ചെയ്യുന്ന കുടിവെള്ളം

199 (4485) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ സ്ഥാപനങ്ങൾ വിതരണം ചെയ്യുന്ന കുടിവെള്ളം മലിനമാണെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആയതിന് എന്തെല്ലാം മുൻകരുതലുകളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly